


തുറന്നിട്ട ജാലകത്തിനപ്പുറം
വഴിതെറ്റിയെത്തിയ
ഓർമ്മകളുടെ നിഴലനക്കം!

വരച്ചു തീർത്ത ചിത്രത്തിൽ
മുഴുനീളൻ തിരശീല, കീറി മുറിക്കുന്നു
പ്രണയത്തിൻ ശീൽക്കാരങ്ങൾ!!

വിരിച്ചിട്ട നിലാവിൽ
ഉയർന്നു താഴും കിതപ്പുകൾ
ആഴ്ന്നിറങ്ങുന്നു കരുതലിൻ വേരോട്ടം!

നിശ്ചലതയിലേക്ക് ഒഴുകി വീണ
ഓളങ്ങളിൽ നിന്നും പറന്നുയരുന്നു
ആവേശത്തിൻ തിരയിളക്കം !

ഉയർപ്പിൻ പിൻവിളികളിൽ
കെട്ടിപിണയുന്ന കാത്തിരിപ്പുകൾ
നിറച്ചു വക്കുന്നു നിന്നിലേക്കെന്നെ!

എല്ലാ മരണത്തിനും ഒടുവിലൊരു
പുനർജനിയെന്ന പോലെ!!